# റാത്തിക്കൽ കൂട്ടായ്മ യു എ ഇ , ഖത്തർ & റാത്തിക്കൽ

**Reg. No.U52100KL2016PLC039861**

## General Body Report 2018-2019

ബഹുമാന്യരേ,

21 /09 /2018 ദുബായിൽ ജനാബ് നൗഷാദിന്റെ വസതിയിൽ വച്ച് നടന്ന എട്ടാമത് വാർഷിക ജനറൽ ബോഡിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റി നിലവിൽ വന്നു,

| Sr No | Position | Name |
|---|---|---|
| 1 | President | Mr. Ullas.M.I |
| 2 | Vice President | Mr. Alif Abdul Azeez |
| 3 | Gen: Secretary | Mr. Iqbal.A |
| 4 | Treasurer | Mr. Asheer Khan |
| 5 | Joint Secretary | Mr. Sajeem |
| 6 | Qatar Coordinator | Mr. Asheer Khan |
| 7 | Committee Member | Mr. A.R.Noushad |
| 8 | Committee Member | Mr. Najeeb |
| 9 | Committee Member | Mr. Mujeeb |
| 10 | Committee Member | Mr. Kalam Puthanveadu |
| 11 | Committee Member | Mr. Nadirsha |
| 12 | Committee Member | Mr. Jabbar |
| 13 | Committee Member | Mr. Farooq |
| 14 | Committee Member | Mr. Bilal Rakeeb |
| 15 | Committee Member | Mr. Ahad vettoor |
| 16 | Committee Member | Mr. Mahamood |
| 17 | Committee Member | Mr. Thaha |
| 18 | Committee Member | Mr. Anas Hussain |
| 19 | Committee Member | Mr. Abdul Shukkoor |
| 20 | Committee Member | Mr. Buhari |
| 21 | Committee Member | Mr. Mohammed Shefiyulla |
| 22 | Committee Member | Mr. Saheer.M.I |
| 23 | Committee Member | Mr. Salim.M.I |
| 24 | Committee Member | Mr. Benzar Khan |

| | | |
|---|---|---|
| 25 | Committee Member | Mr. Humayoon Kabeer |
| 26 | Committee Member | Mr. Abbas Baji |
| 27 | Committee Member | Mr. Basari |
| 28 | Committee Member | Mr. Arshad.A.R |
| 29 | Committee Member | Mr. Thahir |
| 30 | Committee Member | Mr. Aybek |
| 31 | Committee Member | Mr. Ameer Savad |

ജനറൽ ബോഡി കഴിഞ്ഞുള്ള തുടർമീറ്റിങ്ങുകളിൽ ചർച്ച ചെയ്തു ജനാബ് അമ്പിളിയെയും ജനാബ് നവാസിനെയും കൂടി സെൻട്രൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

കൂടാതെ ഇതിനോടൊപ്പം അബുദാബി, ദുബായ്, അൽ ഐൻ എന്നീ പുതിയ ബ്രാഞ്ച് കമ്മിറ്റികളും നിലവിൽ വരികയും ഒപ്പം മറ്റു ബ്രാഞ്ചുകളായ ഖത്തർ , റാത്തിക്കൽ ഈ കമ്മിറ്റികൾക്കും പുതിയ നേതൃത്വങ്ങൾ നിലവിൽ വരികയും ചെയ്തു. ഇതുകൂടാതെ ജനാബ് നൗഷാദിന്റെ നേതൃത്വത്തിൽ ഒരു രക്ഷാധികാരി കമ്മിറ്റയെ കൂടി തിരഞ്ഞെടുക്കുകയും അതിൽ ജനാബ് മാരായ ഷാഫി, അബ്ദുൽ അസീസ്, അബ്ദുൽ റഷീദ്, അൻസാരി എന്നിവരും അംഗങ്ങളായിരുന്നു.എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ സെൻട്രൽ കമ്മിറ്റിയിലേക്ക് തിരഞ്ഞെടുത്ത പല അംഗങ്ങളും സ്ഥിരമായി കമ്മിറ്റികളിൽ വരാനോ കൂട്ടായ്മയുമായി സഹകരിക്കാനോ വിമുഖത കാണിക്കുന്നതായി കാണുന്നു. എങ്കിലും ബാക്കി കമ്മിറ്റി അംഗങ്ങളുടെയും ബ്രാഞ്ച് കമ്മിറ്റികളുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് ഈ കാലയളവിൽ വളരെ നന്നായി പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നുള്ള വിശ്വാസം ഉണ്ട്.

ഒപ്പം തന്നെ റാത്തിക്കൽ കൂട്ടായ്മ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിലേക്കായി ജനാബ് ഉല്ലാസിന്റെ നേതൃത്വത്തിൽ ഡയറക്റ്റർ ബോർഡ് അംഗങ്ങളെയും തിരഞ്ഞെടുത്തു അതിൽ ജനാബ് മാരായ ഉല്ലാസ് , ഇക്ബാൽ , നിസാം , സാജർ , സാബിർ സാദിഖ് എന്നിവർ അംഗങ്ങളാണ്.

മുൻ വർഷങ്ങളെ പോലെത്തന്നെ ഈ വർഷവും ഒരുപാടു പുതിയ മെമ്പർമാരെ കൂട്ടായ്മയിലും അതുവഴി ബിസ്സിനസ്സിലും പങ്കാളികളാക്കാൻ നമുക്ക് സാധിച്ചു. നമ്മുടെ കൂട്ടായ്മയിൽ അഞ്ചു ബ്രാഞ്ചുകളിലായി ഏകദേശം **690** ലേറെ മെമ്പർമാർ നമുക്കുണ്ട് ഇത് പ്രാദേശികമായിട്ടുള്ള ഒരു സംഘടനക്കും അവകാശപ്പെടാനില്ലാത്ത നേട്ടം നമ്മൾ നേടിയെടുത്തു അതിൻ്റെ മുഖ്യകാരണം നമ്മുടെ ഈ ഒത്തുരുമയും ഐക്യവുമാണ് തുടർന്നും ഇത് നിലനിന്നുപോകണമെന്നു ആത്മാർഥമായി ആഗ്രഹിക്കുന്നു. കൂടാതെ പുതിയ മെമ്പർമാരെ ചേർക്കാൻ ബ്രാഞ്ച് കമ്മിറ്റികൾ കാണിച്ച ഉത്സാഹം എടുത്ത് പറയേണ്ടിയിരിക്കുന്നു പ്രത്യേകിച്ചും ഖത്തർ കമ്മിറ്റി. ഇതിനായി ആത്മാർഥമായി പ്രയത്നിച്ച എല്ലാപേർക്കും സെൻട്രൽ കമ്മിറ്റി നന്ദിയും കടപ്പാടും ഈ അവസരത്തിൽ അറിയിക്കുന്നു. നമ്മുടെ കൂട്ടായ്മയിലുള്ള മെമ്പർമാരുടെ ഡീറ്റെയിൽസ് താഴെ പറയുന്നു.

| Branch | Total Members | Active | Inactive |
|---|---|---|---|
| Abu Dhabi | 96 | 52 | 44 |
| Dubai | 138 | 75 | 63 |
| Al Ain | 37 | 34 | 1 |
| Qatar | 417 | 306 | 54 |
| Rathickal | 62 | 45 | 17 |
| Total | 775 | 512 | 179 |

ഈ കമ്മിറ്റിയുടെ കാലാവധി പതിനൊന്നു മാസവും പതിനഞ്ചു ദിവസവുമായിരുന്നു.. ഈ കമ്മിറ്റി നിലവിൽ വന്നതിനു ശേഷം സംയുക്തമായി ഏഴ് മീറ്റിങ്ങുകൾ കൂടുകയുണ്ടായി. കൂടിയ സ്ഥലവും തിയതിയും താഴെ കാണിക്കുന്നു.

| Sr No | Date | Venue | Meeting |
|---|---|---|---|
| 1 | 19/10/2018 | Abu Dhabi | Joint Committee |
| 2 | 09/11/2018 | Abu Dhabi | Joint Committee |
| 3 | 11/01/2019 | Abu Dhabi | Joint Committee |
| 4 | 15/02/2019 | Abu Dhabi | Joint Committee |
| 5 | 05/04/2019 | Abu Dhabi | Joint Committee |
| 6 | 10/05/2019 | Al Ain | JC & Ifthar |
| 7 | 12/07/2019 | Abu Dhabi | Joint Committee |

സമയബന്ധിതമായും അത്യാവശ്യഘട്ടങ്ങളിൽ സെൻട്രൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംയുക്ത കമ്മിറ്റികൾ ചേർന്നതുകൊണ്ടും കൂട്ടായ്മയെ സജീവമായി നില നിർത്താനും തീരുമാനങ്ങൾ യഥാസമയം കൈകൊള്ളാനും സാധിച്ചതായി ഈ കമ്മിറ്റി വിലയിരുത്തുന്നു. തീർച്ചയായും തെറ്റുകളും, കുറ്റങ്ങളും, കുറവുകളും ഉണ്ടായിട്ടുണ്ട്. അതൊന്നും തീർച്ചയായും മനഃപൂർവ്വമായി സംഭവിച്ചതല്ലെന്ന് അംഗങ്ങളുടെ മുമ്പിൽ പറയാൻ ആഗ്രഹിക്കുന്നു. തുടർന്ന് വരുന്ന കമ്മിറ്റിക്ക് അത്തരം പ്രശ്നങ്ങളൊന്നും ഉണ്ടാകരുതെന്ന് ആത്മാർഥമായി പ്രാർത്ഥിക്കുന്നു

ഈ കമ്മിറ്റിയുടെ പ്രവർത്തനകാലത്തു നടന്ന പ്രവർത്തനങ്ങളുടെ ആകെതുക ഈ ജനറൽ ബോഡിയിൽ അംഗങ്ങളുടെ സമക്ഷം സജീവ ചർച്ചക്കും പരിഗണനക്കുമായി സമർപ്പിക്കുന്നു.

ആദ്യമേ തന്നെ വളരെ സന്തോഷത്തോടെ ഏവരെയും അറിയിക്കുന്നു നമ്മുടെ ഈ കൂട്ടായ്മയുടെ പ്രഥമ ലക്ഷ്യം ചാരിറ്റി ആയതിനാൽ മുൻകാലങ്ങളിൽ ഉള്ളതുപോലെതന്നെ ഈ കമ്മിറ്റി യുടെ കാലയളവിൽ ഇതുവരെ നമ്മൾ **2150000**

ഇരുപത്തി ഒന്നര ലക്ഷം രൂപ സഹായം ചെയ്യുകയുണ്ടായി, ഒപ്പം നോമ്പുതുറകൾ പ്രാദേശികമായി നടത്താനും സാധിച്ചു.

| Total amount distributed for charity, Pension and others from Sep 2018 to Aug 2019 | | | |
|---|---|---|---|
| Sr No | Description | Amount | Remarks |
| 1 | Ramadan Relief | 352000 | |
| 2 | Charity | 705000 | |
| 3 | Pension | 900000 | |
| 4 | Members welfare fund | 100000 | |
| 5 | Fithur Zakhath | 22784 | |
| 6 | RAK Masjid | 50000 | |
| 6 | Qatar Member | 11550 | From Qatar fithur zakhath |
| **Grant Total** | | **1241334** | |

## പ്രവർത്തനങ്ങൾ:

ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായി ഞങ്ങൾ കാണുന്നത് പ്രതിസന്ധികൾ പലതുണ്ടെങ്കിലും ഈ കൂട്ടായ്മയുടെ ഐക്യം നിലനിർത്താനായി എന്നുള്ളതാണ്,ഏറ്റവും വിലപ്പെട്ട ആ നേട്ടത്തെ മുൻനിർത്തിയാണ് നമ്മുടെയൊക്കെ സ്വപ്ന സാക്ഷാത്കാരമായ റാക് മാർട്ട് പോലും ഉണ്ടാക്കാനായത്. വെത്യസ്തമായ വീക്ഷണങ്ങൾ വച്ച് പുലർത്തുന്നവർ നമുക്കിടയിൽ സജീവമായി നിൽക്കുമ്പോഴും അൽഹംദുലില്ലാഹ്,, ഇതുവരെ ഒരു അസഹിഷ്ണതയോ വിഭാഗീയതയോ ഇല്ലാതെ ഈ കൂട്ടായ്മയെ ഈ കാലയളവിൽ നയിക്കാനായ സന്തോഷം ഈ കമ്മിറ്റി പങ്കു വെക്കുകയാണ്. വരുംകാല കമ്മിറ്റികൾക്കും ഈ പ്രവർത്തന രീതി നിലനിർത്താനാകട്ടെയെന്നു ആമുഖമായി പറഞ്ഞുകൊണ്ട് റിപ്പോർട്ടിലേക്കു കടക്കുകയാണ്. ഈ കമ്മിറ്റി നിലവിൽ വന്നതിനു ശേഷം മുൻ പ്രവർത്തനങ്ങളുടെ തുടർച്ചയും ഒപ്പം പുതിയ പല വഴിത്തിരിവുകൾക്കും കാരണമായ പദ്ധതികളും നടപ്പിലാക്കാനായി.

## <u>1, ബിസ്സിനെസ്സ്:</u>

മുൻ കമ്മിറ്റികളെ അപേക്ഷിച്ചു ഈ കമ്മിറ്റി കൂട്ടായ്മയുടെ ദൈനം ദിന ചാരിറ്റി പ്രവർത്തങ്ങൾക്ക് പുറമെ കൂട്ടായ്മയുടെ ചിരകാല അഭിലാഷമായിരുന്ന റാക് മാർട്ട് കഴിഞ്ഞ കമ്മിറ്റിയുടെ കാലയളവിൽ നിലവിൽ വന്നെങ്കിലും അതിനെ ഇപ്പോൾ കാണുന്ന രീതിയിൽ ജനകീയമാക്കാൻ നമ്മുടെ ഓരോ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണത്തിലൂടെ ഈ കമ്മിറ്റിക്കു കഴിഞ്ഞതായി ഞങ്ങൾ മനസിലാക്കുന്നു. കമ്മിറ്റി അംഗങ്ങളെ കൂടാതെ റാക് മാർട്ടിന്റെ വിജയത്തിനായി

പ്രവർത്തിച്ച ഏവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു. കൂടാതെ ഒരുമയുള്ള അംഗങ്ങളും ഇച്ഛാശക്തിയുള്ള നേതൃത്വവും ഉണ്ടെങ്കിൽ നമുക്ക് ഇനിയും ഇതുപോലുള്ള സംരംഭങ്ങൾ ആവർത്തിക്കാൻ കഴിയുമെന്നുള്ള വിശ്വാസം ഈ കമ്മിറ്റിക്കുണ്ട്. അങ്ങനെ സംഭവിക്കാൻ വീണ്ടും നമുക്ക് പ്രവർത്തിക്കാം. ബിസിനസ്സിന്റെ റിപ്പോർട്ട് പ്രത്യേകം ഈ ജനറൽ ബോഡിയിൽ അവതരിപ്പിക്കുന്നതാണ്.

## 2 , പെൻഷൻ:

ഈ കമ്മിറ്റി ചുമതലയേൽക്കുമ്പോൾ പെൻഷൻ നൽകുന്നവരുടെ എണ്ണം 34 ആയിരുന്നു. ഈ കാലയളവിൽ സഹായം അഭ്യർത്ഥിച്ചു കൊണ്ട് ഒരുപാട് അപേക്ഷകൾ കിട്ടുകയും അതിൽ നിന്നും ഏറ്റവും അർഹതയുണ്ടെന്ന് കണ്ടെത്തിയ ആറുപേർക്ക് കൂടി പെൻഷൻ അനുവദിക്കുകയുണ്ടായി. കൂടാതെ നമ്മൾ പെൻഷൻ നല്കിവന്നിരുന്ന ജനാബ് കുഞ്ഞുമോൻ മരണമടയുകയും എങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തിന് മൂന്നുമാസം കൂടി പെൻഷൻ നല്കാൻ തീരുമാനിക്കുകയും. ഇപ്പോൾ മൊത്തം പെൻഷൻ നൽകുന്നവരുടെ എണ്ണം 41 ആണ് അതുവഴി എല്ലാമാസവും 81000 രൂപയുടെ ആവശ്യമായിവന്നിരിക്കുകയാണ്. ഈ കാലയളവിൽ മൊത്തം രൂപ പെൻഷനായി നൽകി.

### 3, ചാരിറ്റി / സഹായം :

ഈ കാലയളവിൽ നമ്മൾ ബിസ്സിനെസ്സിനാണ് കൂടുതലും പ്രാമുഖ്യം കൊടുത്തെങ്കിലും മുൻ വർഷങ്ങളെ പോലെ തന്നെ നല്ല രീതിയിൽ ചാരിറ്റി പ്രവർത്തനങ്ങളും നടത്താൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഇതിനായി ഒപ്പം പ്രവർത്തിച്ച ബ്രാഞ്ച് കമ്മിറ്റികൾക്കും നമ്മുടെ ഓരോ മെമ്പർമാർക്കും ആദ്യമേതന്നെ നന്ദി അറിയിക്കുകയാണ്. ഈ കാലയളവിൽ സഹായങ്ങൾ നൽകിയവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

1 , ജനാബ് അമീർ : ചികിത്സ സഹായമായി കൂട്ടായ്മയിൽ നിന്നും 50000 രൂപ നൽകുകയും ഒപ്പം കൂട്ടായ്മയുടെ അംഗങ്ങളിൽ നിന്നും നാലുലക്ഷം രൂപ സ്വരൂപിക്കുകയും അത് വച്ച് അദ്ദേഹത്തിന്റെ കുടുംബത്തിന് ഒരു വീട് വച്ച് കൊടുക്കാനുള്ള തയ്യാറെടുപ്പിലാണ്. വീടിന്റെ പണി നടന്നുവരികയാണ്. ഇതിനായി സഹകരിച്ച എല്ലാപേർക്കും ഒരിക്കൽ കൂടി നന്ദി അറിയിക്കുകയാണ്.

2 , ബിജു ചികിത്സ സഹായം 10000 രൂപ നൽകി.

3 , റഹിയാനത്തു ചികിത്സ സഹായം 25000 രൂപ.

4 , ബിനു പ്ളാവഴികം ചികിത്സ സഹായം 10000 രൂപ.

5 , ജൂലി അലി അക്ബർ ചികിത്സാ സഹായം 25000 രൂപ.

6 , ഫത്താഹ് ചികിത്സാ സഹായം 10000 രൂപ.

**7,** ശ്രീമതി: ഷബ്‌ന ചിലിൽസ സഹായം : 50000 രൂപ.

8 , നമ്മുടെ ഒരു മെമ്പറുടെ മാതാവിനായുള്ള ചികിത്സ സഹായം 25000 രൂപ.

9 , ഖത്തർ ഇൽ ഉള്ള ഒരു സഹോദരനെ സഹായിച്ചത് 600 റിയൽ ( ഏകദേശം 11550 രൂപ )

10 , റാക് മാർട്ടിനായി നിർമിച്ച പള്ളിക്കു വേണ്ടി 50000 രൂപ.

11 , നമ്മുടെ മെമ്പറായിരുന്ന ജനാബ് സഫിയുള്ള മരണമടഞ്ഞ സഹാഹര്യത്തിൽ നാട്ടുകാരനാണെന്നുള്ള പരിഗണന വച്ച് 50000 രൂപ നൽകി.

ഈ സഹായങ്ങൾ നൽകാനായി മൊത്തം 716550 രൂപ ചിലവായി.

## 4, റാക് മെമ്പർമാരുടെ ക്ഷേമനിധി:

2015 മുതൽ നമ്മൾ തുടങ്ങിവച്ച മെംബേർസ് വെൽഫെയർ ആദ്യഘട്ടത്തിൽ കൃത്യമായി പോവുകയും എന്നാൽ അതിനു ശേഷം ഈ സംരംഭം ചെറുതായി മന്ദീഭവിച്ച അവസ്ഥയിലുമായി, എങ്കിലും ഈ കാലയളവിൽ ഒരു മെമ്പറിനു മാത്രമേ വെൽഫെയർ നല്കാൻ സാധിച്ചുള്ളൂ. അസുഖം ബാധിച്ചു നാട്ടിലേക്കു പോകേണ്ടിവന്ന സാഹചര്യത്തിൽ നമ്മുടെ മെമ്പറായ ജനാബ് ജാസിം സുൽഫിക്കറിന് 100000 രൂപ നൽകുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട് ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം നമ്മുടെ ബ്രാഞ്ചുകൾക്കു കൃത്യമായി വെൽഫെയർ ഫണ്ട് കളക്ട് ചെയ്യാനുള്ള ബുദ്ധിമുട്ട് അറിയിച്ചതിനെ തുടർന്നും ഈ കാര്യത്തിൽ ഇതുവരെ ഒരു വ്യക്തത വരാത്ത കാരണത്താലും 05 / 04 / 2019 ൽ അബുദാബിയിൽ വച്ച് കൂടിയ സംയുക്ത കമ്മിറ്റയിൽ ഇപ്പോൾ കൂടുന്ന ഈ ജനറൽ ബോഡിവരെ നിലവിലുള്ള നിയമം

മരവിപ്പിക്കുന്നതായി തീരുമാനിച്ചു. അപ്രകാരം ഈ ജനറൽ ബോഡിയിൽ അതിനൊരു വ്യക്തത വരുമെന്നുള്ള വിശ്വാസം ഈ കമ്മിറ്റി വച്ചുപുലർത്തുന്നു.

## 5,റമദാൻ റിലീഫ്:

കൂട്ടായ്മയുടെ കീഴിൽ ഏഴാമത് റിലീഫ് പ്രവർത്തനം ഈ കഴിഞ്ഞ 2019 റമദാൻ മാസത്തിൽ നടത്താൻ തീരുമാനിക്കുകയും അതിൻ പ്രകാരം മുൻ വർഷങ്ങളിൽ ചെയ്തപോലെ തന്നെ അർഹതയുള്ളവരെന്ന് മനസ്സിലാക്കിയ 173 പേർക്ക് 2000/- രൂപ വീതം വിലയുള്ള റമദാൻ കിറ്റ് നമ്മുടെ മാർട്ട് വഴി നൽകുകയും ഇതിനായി നമ്മുടെ ബ്രാഞ്ചുകൾ 370505 /- രൂപ അതാത് ബ്രാഞ്ചുകളിൽ നിന്നും കളക്ട് ചെയ്തു.ഇതിനായി ഓരോ ബ്രാഞ്ചുകളും കളക്ട് ചെയ്ത തുകയുടെ ഒരു വിവരണം താഴെ കൊടുക്കുന്നു. അതിനൊപ്പം നമ്മുടെ എക്സികുട്ടീവ് അംഗമായ ജനാബ് സഹീർ അദ്ദേഹത്തിന്റെ വിഹിതമായി 80000 രൂപ ഇതിനായി നൽകുകയും വളരെ ഭംഗിയായി റമദാൻ കിറ്റ് വിതരണം നടത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി പൈസ കളക്ട് ചെയ്ത നമ്മുടെ ബ്രാഞ്ചുകളെയും നല്ലൊരു സംഖ്യ നൽകി സഹകരിച്ച ജനാബ് സഹീറിനെയും അതിലുപരി ഈ കിറ്റുകൾ എല്ലാം അതാത് ആൾക്കാരെ ഏൽപ്പിച്ച നാട്ടിലെ കമ്മിറ്റിയെയും ഈ കമ്മിറ്റിയുടെ നന്ദിയും സന്തോഷവും അറിയിക്കുകയാണ്. 171 പേർക്ക് 2000 രൂപയുടെ റമദാൻ റിലീഫ് കിറ്റും മരണമടഞ്ഞ നമ്മുടെ രണ്ടു മെമ്പർമാരുടെ കുടുംബങ്ങൾക്ക് 5000 രൂപയുടെ റമദാൻ റിലീഫും നൽകിയ വഴിയിൽ മൊത്തം 352000 രൂപ ചിലവായി, ഇതിന്റെ ബാക്കി തുക 18505 ചാരിറ്റിയിലേക്കു വരവ് വെച്ചു.

| Ramadan Relief 2019 | | |
|---|---|---|
| Sr No | Branch | Amount(INR) |
| 1 | Abu Dhabi | 75160 |
| 2 | Dubai | 96215.24 |
| 3 | Al Ain | 13053 |
| 4 | Qatar | 177037.81 |
| 5 | Rathickal | 4000 |
| **Total** | | **365466.05** |

## 6, ഫിത്ർ സഖാത്തു :

ഖത്തർ ഒഴികെയുള്ള ബാക്കിയുള്ള ബ്രാഞ്ചുകൾ ഫിത്ർ സഖാത്തിനായി ഓരോ മെമ്പറിൽ നിന്നും 20 dhs/Rs വീതം കളക്ട് ചെയ്യുകയും അതുവഴി മൊത്തം 37177.25 രൂപ കിട്ടുകയും ഇതിൽ ഖത്തറിൽ നിന്നും കളക്റ്റ് ചെയ്ത പൈസ അവിടെ തന്നെ സഹായിക്കുകയും ബാക്കിയുള്ള തുകയ്ക്ക് തത്തുല്യമായ അരി വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ഇതിനായി നമ്മുടെ ഓരോ ബ്രാഞ്ചുകളും കളക്ട് ചെയ്ത പൈസയുടെ കണക്ക് ഇവിടെ കാണിക്കുന്നു.

| Fithur Zakhathu 2019 | | |
|---|---|---|
| Sr No | Branch | Amount (INR) |
| 1 | Abu Dhabi | 4141 |
| 2 | Dubai | 18039.25 |
| 3 | Al Ain | 3047 |
| 4 | Qatar | 11150 |
| 5 | Rathickal | 800 |
| **Total** | | **37177.25** |

## 7,നോമ്പുതുറ :

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നോമ്പുതുറ ബ്രാഞ്ച് അടിസ്ഥാനത്തിൽ നടത്താതെ സെൻട്രൽ കമ്മിറ്റയുടെ ആഭിമുഖ്യത്തിൽ UAE യിൽ ഒരു നോമ്പുതുറയും,ഖത്തർ ബ്രാഞ്ചിന്റെ വക ഖത്തറിലും നടത്തുക എന്ന തീരുമാനത്തിൽ യു എ ഇ യുടേത് അൽ ഐനിൽ വച്ച് നോമ്പിന്റെ ആദ്യ ആഴ്ചതന്നെ

നടത്തുകയും അതുപോലെ ഖത്തർ ബ്രാഞ്ച് അവിടെയും നടത്തുകയുണ്ടായി. ഇതിൽ സെൻട്രൽ കമ്മിറ്റിയുടെ കീഴിൽ സ്ത്രീകളും കുട്ടികളുമടക്കം 75 ൽ അധികം ആളുകൾ പങ്കെടുക്കുകയും ഇതിനായി ചിലവായ മുഴുവൻ പൈസയും ജനാബ് ഉല്ലാസ് നൽകുകയും ചെയ്തു. ഈ അവസരത്തിൽ അദ്ദേഹത്തിനുള്ള നന്ദി അറിയിക്കുകയാണ്.

## 8.ബ്രാഞ്ച് കമ്മിറ്റികളുടെ പ്രവർത്തനം

കൂട്ടായ്മയുടെ അടിസ്ഥാന പ്രവർത്തനങ്ങൾനടക്കുന്നത് നമ്മുടെ ഓരോ ബ്രാഞ്ചുകളിലുമാണ്. അതിനാൽതന്നെ വളരെയധികം ഉത്തരവാദിത്വങ്ങൾ ബ്രാഞ്ചുകൾക്കുണ്ട് ചെറുപ്പക്കാരായ നമ്മുടെ അംഗങ്ങളോട് ഒരു അപേക്ഷയുള്ളതു അവർഈ കൂട്ടായ്മയിൽ പങ്കെടുത്തു ഇതിന്റെ പ്രവർത്തനങ്ങളിൽസഹകരിക്കണമെന്നുള്ളതാണ്. സെൻട്രൽകമ്മിറ്റി കൂടാതെ നാട്ടിലുൾപ്പടെ 5 ബ്രാഞ്ച്കളാണ് ഉള്ളത്.

### 1.അബുദാബി ബ്രാഞ്ച്:

ജ: കബീറിന്റെയും ജനാബ് അംലാദിന്റെയും ജനാബ് അലിഫിന്റെയും നേതൃത്വത്തിൽ അബുദാബി ബ്രാഞ്ച് കൂട്ടായ്മയുടെ പ്രവർത്തനത്തിൽ ശരാശരി നിലവാരം പുലർത്തുകയും ഒപ്പം ബിസ്സിനസ്സ് ആവശ്യങ്ങൾക്കുള്ള പൂർണ പിന്തുണ അബുദാബി ബ്രാഞ്ചിൽ നിന്നും ലഭിക്കുകയും ചെയ്തു. ഈ ബ്രാഞ്ചിന്റെ ഏകോപനത്തിൽ പങ്കാളികളായ ജനാബ് നജീബ് , ജബ്ബാർ എന്നിവർക്കുള്ള നന്ദി ഇവിടെ അറിയിക്കുകയാണ്.

### 2. അൽ ഐൻ ബ്രാഞ്ച്

ജനാബ് റഷീദ് അവർകൾ പ്രസിഡന്റായും ജനാബ് അസിമുദീൻ സെക്രട്ടറിയായും ജനാബ് ഷുജ ട്രഷററായും നിലവിൽ വന്ന കമ്മിറ്റി വളരെ മികച്ച പ്രകടനം കാഴ്ചവെക്കുകയും എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ അൽ ഐൻ കമ്മിറ്റിയുടെ പ്രാധിനിത്യം പല സംയുക്ത കമ്മിറ്റിയിലും ഇല്ലാതെപോയതു ഒരു വീഴ്ചയായി കാണുന്നു.

### 3. ദുബായ് ബ്രാഞ്ച്:

ജനാബ് നിസാം പ്രസിഡന്റായും ജനാബ് നിസാമുദീൻ സെക്രട്ടറിയായും ജനാബ് നാദിർഷ ട്രഷററായും നിലവിൽ വന്ന കമ്മിറ്റി സുസ്ത്യർഹമായ പ്രവർത്തനമാണ് കാഴ്ചവച്ചത് മാത്രമല്ല സെൻട്രൽ കമ്മിറ്റിയുടെ കീഴിൽ കൂടുന്ന സംയുക്ത കമ്മിറ്റികളിൽ കൂടുതൽ പ്രാധിനിത്യം ദുബായ് ബ്രാഞ്ചിന്റെ ഭാഗത്തു നിന്നും ഉണ്ടാകാറുണ്ട് അതിൽ സെൻട്രൽ കമ്മിറ്റിക്കുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുകയാണ്.

### 4. ഖത്തർ ബ്രാഞ്ച് :

ജനാബ് സാബിർ സാദിഖ് പ്രസിഡന്റായും ജനാബ് ബൈജു സെക്രട്ടറിയായും ജനാബ് റഹീം ജനാബ് ഷുജ എന്നിവർ ട്രഷററായും നിലവിൽ വന്നെങ്കിലും സാബിർ സാദിഖിന്

അവിടെ നിന്നും ട്രാൻസ്ഫർ ആകുകയും പകരം രക്ഷാധികാരിയായിരുന്ന ജനാബ് ഫാറൂഖിനെ പ്രസിഡന്റായി തിരഞ്ഞെടുക്കുകയും ചെയ്തു. കമ്മിറ്റി നമ്മുടെ മറ്റു ബ്രാഞ്ച് കമ്മിറ്റികൾക്കാകെ മാതൃകയാക്കാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. ചാരിറ്റി കളക്ഷനാണെങ്കിലും ഫണ്ട് കളക്ഷൻ ആണെങ്കിലും ബിസിനസിന് ആവശ്യമായ തുകയാണെങ്കിലും ഖത്തർ കമ്മിറ്റി അവരുടെ പ്രവർത്തനത്തിലൂടെ വളരെ മികച്ചുനിന്നു. തുടർന്ന് വരുന്ന കമ്മിറ്റിക്കും ഇതുപോലെയോ അല്ലെങ്കിൽ ഇതിനെക്കാളും മികച്ച രീതിയിലോയുള്ള പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കട്ടെയെന്നു സെൻട്രൽ കമ്മിറ്റി ആത്മാർഥമായി ആശംസിക്കുന്നു.കൂടാതെ ഏരിയ കോർഡിനേറ്റർ മാരുടെ പ്രവർത്തനവും സെൻട്രൽ കമ്മിറ്റിയുടെ അഭിന്ദനമർഹിക്കുന്നു.കൂടാതെ കൂട്ടായ്മയുടെ വിജയത്തിന് ഉദകുന്ന തരത്തിലുള്ള ആശയങ്ങൾ പങ്കുവെക്കുന്നതിലും ഖത്തർ കമ്മിറ്റി പ്രത്യേകം അഭിനദനം അർഹിക്കുന്നു.

## 5. റാത്തിക്കൽ ബ്രാഞ്ച് :

ജനാബ് സാജർ പ്രസിഡന്ററായും ജനാബ് അബ്ദുൽ ഷുക്കൂർ സെക്രട്ടറിയായും ജനാബ് ഷക്കീർ ട്രഷററായും നിലവിൽ വന്ന കമ്മിറ്റി വളരെ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത് കൂടെ നമ്മുടെ മുതിർന്ന അംഗങ്ങളുടെ അകമഴിഞ്ഞ സഹകരണവും കൊണ്ട് അൽ ഹംദു ലില്ലാഹ് വളരെ ഭംഗിയായി അവരുടെ പ്രവർത്തനം മുന്നോട്ടു പോകുകയും ചെയ്യുന്നു. നാട്ടിലാണ് കൂട്ടായ്മയുടെ സേവന പ്രവർത്തനങ്ങൾ നടക്കുന്നത് ആയതിനാൽ . കൂടാതെ റാക് മാർട്ടിന് നമ്മുടെ കമ്മിറ്റി അംഗങ്ങൾ നൽകുന്ന അകമഴിഞ്ഞ സേവനം അഭിനദർഹാമാണ്. ഇനിയും പുതിയ മേഘലകളിലേക്ക് നാട്ടിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. തീര്ച്ചയായും അവരുടെ അനുഭവവും പക്വതയും കൊണ്ട് അതിനു കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**ഈ കമ്മിറ്റിയുടെ കാലയളവിലെ നേട്ടങ്ങൾ:**

- ഒരുപാടു പുതിയ മെമ്പർമാരെയും ഇൻവെസ്റ്റേഴ്സിനെയും ചേർക്കാൻ സാധിച്ചു.
- കൂട്ടായ്മയുടെ എല്ലാ മെമ്പര്മാരെയും ഒത്തുരുമയോടെ കൊണ്ടുപോകാൻ കഴിഞ്ഞു.
- നമ്മുടെ സ്വപ്ന പദ്ധതിയായിരുന്നു റാക് മാർട്ടിന്റെ വിജയത്തിനായി DB ക്കു പരിപൂർണ സഹകരണം നൽകി.
- റാക് മാർട്ടിനോടനുബന്ധിച്ചു ഒരു പള്ളി നിർമിക്കാനായി
- ഈ കാലയളവിൽ നമ്മുടെ മുതിർന്ന മൂന്നു അംഗങ്ങൾക്ക് യാത്രയയപ്പ് നൽകി.

## കോട്ടങ്ങൾ:

- മെംബേർസ് വെൽഫെയർ വേണ്ട രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല.
- പുതിയ പെൻഷൻ സ്പോൺസേഴ്സിനെ കണ്ടെത്താൻ സാധിച്ചില്ല.

- മെറിറ്റ് ഈവെനിംഗ് നടത്താൻ കഴിയാതിരുന്നത്
- നിയമാവലി അമെൻഡ്മെന്റ് ചെയ്യാൻ തീരുമാനിച്ചെങ്കിലും നടപ്പിലാക്കാൻ സാധിച്ചില്ല

## നിർദേശങ്ങൾ:

1. നമ്മുടെ റാക് മാർട്ടുമായി ബന്ധപ്പെട്ട് ഉടൻ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്തു അതിനെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകുവാൻ ഇനിവരുന്ന ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കണം.
2. എല്ലാ അംഗങ്ങൾക്കും വേണ്ട പരിഗണകൊടുത്തു ഒത്തുരുമയോടെ കൊണ്ടുപോകണം.
3. അംഗങ്ങളുടെ സംശയങ്ങൾക്കും ആവലാതികൾക്കും ഉത്തരവാദിത്വപ്പെട്ടവർ യഥാസമയം മറുപടി നൽകുക.
4. ബ്രാഞ്ച് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറെ കൂടി ഊർജസ്വലമാക്കുക.
5. കൃത്യമായി മീറ്റിങ്ങുകളിലും മറ്റും വരുന്നവരെ മാത്രം കമ്മിറ്റികളിൽ തിരഞ്ഞെടുക്കുക.

**ഉപസംഹാരം:**

നമ്മുടെ സമീപ പ്രദേശങ്ങളിലുള്ളവരും നാട്ടുകാരല്ലാത്തവരുമെല്ലാം ഇതിന്റെ ആശയങ്ങളെ മനസ്സിലാക്കി നമ്മോടൊപ്പം സഹകരിക്കുകയും ഒപ്പം ഇതുപോലുള്ള വേദികൾ നമ്മുടെ സഹോദര പ്രദേശങ്ങളിലും രൂപം കൊള്ളുകയും ചെയ്തതിലൂടെ നമ്മുടെ ഈ കൂട്ടായ്മയുടെ പ്രസക്തി വളരെ വലുതാണെന്ന് നാം മനസ്സിലാക്കണം പ്രത്യേകിച്ച് ഈ കാലഘട്ടം ഇന്നത്തെ രാഷ്ട്രീയ സാമൂഹ്യ സാഹചര്യം ഇതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഏതൊരു പ്രതിസന്ധിക്കു മുമ്പിലും തളരാതെ ഇതിന്റെ പ്രവർത്തകർ ഈ കൂട്ടായ്മയെ തലമുറകളിലേക്ക് കൈമാറി നമ്മുടെ സമൂഹത്തിനും നാടിനും ഗുണകരമാകുന്ന തലത്തിൽ നിലനിർത്തുമെന്നുള്ള പ്രതീക്ഷ നമുക്കെല്ലാമുണ്ടാകണം. അതിനായി നമ്മൾ ആത്മാർത്ഥമായി പ്രവർത്തിക്കണം. അള്ളാഹു നമ്മുടെ ചിന്തകളെ ആ അർത്ഥത്തിൽ മുന്നോട്ട് പോകാൻ അനുഗ്രഹിക്കട്ടെ,,

ഈ കാലയളവിൽ ഇതിന്റെ മുന്നോട്ടു പോക്കിന് ഒരുപാടു പേരുടെ സഹായങ്ങൾ കിട്ടിയിരുന്നു ആരുടെയും പേര് എടുത്തുപറയുന്നില്ല സഹായങ്ങൾ നൽകി കൂടെ നിന്നവർക്കും, ഞങ്ങളുടെ പ്രവർത്തനങ്ങളെ അനുകൂലിച്ചവർക്കും, വിമർശിച്ചവർക്കും എല്ലാത്തിനുമുപരി നമ്മുടെ പള്ളി നിർമാണത്തിനായി സാമ്പത്തികമായി സഹായിച്ചവർക്കും മീറ്റിങ്ങുകൾ കൂടുവാനുള്ള സൗകര്യവും ഭക്ഷണവും മറ്റും നൽകി സഹായിച്ച ജനാബ് നൗഷാദ് , ജനാബ് ഇക്ബാൽ ഒപ്പം നോമ്പുതുറ വളരെ ഭംഗിയായി ചെയ്ത അൽ ഐൻ കമ്മിറ്റിക്കും പ്രധാനമായും ജനാബ് ഉല്ലാസിനും കൂടാതെ റാക് മാർട്ടിന്റെ വിജയത്തിനായി പ്രവർത്തിച്ച DB അംഗങ്ങൾക്കും പ്രത്യേകിച്ച് ജനാബ് സാജറിനും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച നാട്ടിലെ കമ്മിറ്റിയിലെ അംഗങ്ങൾക്കും അതുപോലെ ജനാബ് അമ്പിളിക്കും ഈ അവസരത്തിൽ ഞങ്ങളുടെ ആത്മാർത്ഥമായ നന്ദിയും കടപ്പാടും അറിയിക്കുന്നു.

കഴിഞ്ഞ ഒരു വർഷക്കാലം  ഈ കമ്മിറ്റിയെ ഏൽപ്പിച്ച ഉത്തരവാദിത്വം ഞങ്ങൾക്ക് കഴിയുന്ന വിധം ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് മുകളിൽ വിവരിച്ചത്.

ഇത് ബഹുമാന്യരായ അംഗങ്ങളുടെ പൊതുചർച്ചക്കും വിലയിരുത്തലിനുമായി സമർപ്പിക്കുന്നു,,,,

നന്ദിയോടെ  നിർത്തുന്നു,,,

അസ്സലാമു അലൈക്കും,,

സ്നേഹത്തോടെ ,,,

RAK സെൻട്രൽ കമ്മിറ്റിക്കു വേണ്ടി,,,

| President: | General Secretary: | Treasurer: |
|---|---|---|
| M.I. Ullas | Iqbal.A | Asheerkhan |

Prepared by: Sajeem.S